ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഈ സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

അവശ ക്രിസ്ത്യാനികളെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്ന നടപടി

* 106. [108] ശ്രീ. ഇ. ജെ. ലൂക്കോസ് :
,, ടി. എസ്. ജോൺ :
,, വി. വി. ജോസ് :
,, സി. എഫ്. തോമസ് :
,, പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ ക്രിസ്ത്യാനികളെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്യുമോ ;

(ബി) അവശ ക്രിസ്ത്യാനികൾക്ക് സർക്കാർ സർവ്വീസിൽ എത്ര ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട് ;

(സി) ജനസംഖ്യാനുപാതികമായി സംവരണ ശതമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 1950-ലെ ഭരണഘടന (പട്ടികജാതി) ഉത്തരവു പ്രകാരം പട്ടികജാതിക്കാർ ഹിന്ദു മത വിശ്വാസികളോ സിക്കുമത വിശ്വാസികളോ ആയിരിക്കണം. അതിനാൽ അവശക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്യാൻ നിർവ്വാഹമില്ല.

(ബി) പട്ടികജാതിയിൽനിന്നും ക്രിസ്തു മതത്തിലേക്ക് മതപരിവർത്തനം ചെയ്തവർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുത്തിയിരിക്കുന്ന തസ്തികകളിലേക്കുള്ള നിയമനത്തിൽ രണ്ടു ശതമാനവും ലാസ്റ്റ് ഗ്രേഡ് ഒഴികെ മറ്റുള്ള തസ്തികകളിലേക്കുള്ള നിയമനത്തിൽ ഒരു ശതമാനവുമാണ് സംവരണം അനുവദിച്ചിട്ടുള്ളത്.

(സി) സംവരണ നയത്തെ സംബന്ധിച്ച് ദേശീയ തലത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാകുന്നതുവരെ ഇപ്പോഴും തുടർന്നുവരുന്ന സംവരണ സമ്പ്രദായത്തിൽ മാറ്റമൊന്നും വരുത്തേണ്ടതില്ലെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംവരണ കാര്യത്തിൽ സംസ്ഥാന സർക്കാർ തുടർന്നു വരുന്ന നയത്തിൽ തല്ക്കാലം മാറ്റമൊന്നും വരുത്തേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുണ്ട്.

ഫാർമസി ഡയറക്ടറേറ്റ്

* 107. [109] ശ്രീ. വി. കെ. രാജൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫാർമസി സർവ്വീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആരോഗ്യ വകുപ്പിൽ പ്രത്യേകം ഫാർമസി ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവാരം കുറഞ്ഞതും മായം ചേർത്തതുമായ ഔഷധങ്ങൾ പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും ലാബോറട്ടറികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

മെഡിക്കൽ സർവ്വീസിൽ ഒരു വിഭാഗം മാത്രമാണ് ഫാർമസി സർവ്വീസ് മെഡിക്കൽ സർവ്വീസിൽ ആകെ ജീവനക്കാരിൽ അഞ്ചു ശതമാനം (5%) മാത്രം വരുന്ന ഫാർമസിസ്റ്റുകൾക്കു മാത്രം ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കുന്നത പ്രായോഗികമല്ലാത്തതിനാൽ അങ്ങനെയൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഔഷധങ്ങൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ തിരുവനന്തപുരത്ത് ഒരു ലാബറട്ടറി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ നേരിടുന്ന കടുത്ത സാമ്പത്തിക പരിമിതി കാരണം എല്ലാ ജില്ലകളിലും ലാബറട്ടറി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണ തോത്

* 108. [110] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഗവൺമെന്റു സർവ്വീസുകളിൽ നിയമനം ലഭിക്കുമ്പോൾ നൽകുന്ന റിസർവേഷന്റെ ശതമാന തോത് എത്രയാണ് ;

(ബി) സംവരണം നൽകുന്നതിന്റെ തോത് നിശ്ചയിക്കുന്ന മാനദണ്ഡമെന്താണ് ;

(സി) 1981 കനേഷുമാരി കണക്കനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് സംവരണ തോത് വർദ്ധിപ്പിക്കാതിരിക്കുന്നതിനുള്ള കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും റിസർവേഷനാണ് നൽകുന്നത്.

(ബി) സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലാണ് സംവരണതോത് നിശ്ചയിച്ചിട്ടുള്ളത്.

(സി) സംവരണക്കാര്യത്തിൽ ദേശീയതലത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാകുന്നതുവരെ നിലവിലുള്ള സഹകരണനയത്തിൽ മാറ്റം വരുത്തുകയില്ലെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള സംവരണ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ഏകീകൃത ദേവസ്വ നിയമങ്ങൾ

* 109. [111] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ക്ഷേത്രങ്ങൾക്കും ബാധകമാകുന്നവിധം കൊച്ചി, തിരുവിതാംകൂർ ദേവസ്വനിയമങ്ങൾ ഭേദഗതി ചെയ്ത് സംസ്ഥാനത്തിന് ഏകീകൃത നിയമം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly